**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2257** **12-02-2024 - ൽ മറുപടിയ്ക്ക്**

**ഹരിപ്പാട് താലൂക്ക് ആശുപത്രിയിലെ ഡയാലിസിസ് യൂണിറ്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ രമേശ് ചെന്നിത്തല | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ഹരിപ്പാട് താലൂക്ക് ആശുപത്രിയിലെ ഡയാലിസിസ് യൂണിറ്റ് ബ്ലോക്കിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ വൈകുന്നതിന്റെ കാരണം എന്തെന്ന് വ്യക്തമാക്കുമോ; | (എ) | ഡയാലിസിസ് യൂണിറ്റിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി 3,90,62,100/- രൂപ അനുവദിച്ചിട്ടുണ്ട്. സിവിൽ വർക്കുകൾക്കായി 1,55,65,382/- രൂപ ആരോഗ്യ വകുപ്പ് ഡയറക്ടർ പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗത്തിന് കൈമാറിയിട്ടുണ്ട്. നിർമ്മാണ പ്രവർത്തനങ്ങൾക്ക് താമസം നേരിട്ടിട്ടില്ല. |
| (ബി) | പ്രസ്തുത ഡയാലിസിസ് യൂണിറ്റിന്റെ നിർമ്മാണത്തിനായി എത്ര രൂപയാണ് അനുവദിച്ചിട്ടുള്ളതെന്നും ഏതെല്ലാം പ്രവൃത്തികൾക്കാണ് ഈ തുക അനുവദിച്ചിട്ടുള്ളതെന്നും അറിയിക്കാമോ; | (ബി) | ഡയാലിസിസ് യൂണിറ്റിന്റെ എക്സ്റ്റൻഷൻ വർക്കും ഇലക്ട്രിക്കൽ വർക്കും നിർവഹിക്കുന്നതിനായി 3,90,62,100/- രൂപ അനുവദിച്ചിട്ടുണ്ട്. |
| (സി) | ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി എത്ര രൂപയാണ് പി.ഡബ്ല്യു.ഡി. കെട്ടിട വിഭാഗത്തിന് കൈമാറാൻ നിശ്ചയിച്ചിട്ടുള്ളതെന്നും ഇതിൽ എത്ര രൂപ കൈമാറിയിട്ടുണ്ടെന്നും വിശദമാക്കാമോ; | (സി) | 1,55,65,382/- രൂപ PWD കെട്ടിട വിഭാഗത്തിന് 16/01/2024 തീയതിയിൽ കൈമാറിയിട്ടുണ്ട്. |
| (ഡി) | പ്രസ്തുത ഡയാലിസിസ് യൂണിറ്റിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (ഡി) | നിർമ്മാണ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്ന തിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ